# പതിന്നാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3743 — 20.10.2016 -ൽ മറുപടിക്ക്

## വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബി.സത്യൻ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ചിറയിൻകീഴ് താലൂക്കിലെ നഗരൂർ, വെള്ളല്ലൂർ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) നഗരൂർ, വെള്ളല്ലൂർ വില്ലേജാഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് 18-8-2016 ൽ ബഹു. റവന്യൂ വകുപ്പ് മന്ത്രിയ്ക്ക് എം.എൽ.എ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഫയൽ നമ്പർ അറിയിക്കാമോ; കമ്മീഷണറേറ്റ് ഓഫ് ലാൻഡ് റവന്യൂ തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | (ബി) ചിറയിൻകീഴ് താലൂക്കിലെ നഗരൂർ, വെള്ളല്ലൂർ വില്ലേജാഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ പണികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച തുടർ നടപടികൾ കൈക്കൊള്ളുന്നതിനായി എസ്റ്റിമേറ്റ്, പ്ലാൻ, ബഡ്ജറ്റ് ശീർഷകം എന്നിവ ഉൾപ്പെടുത്തി വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർ പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ സർക്കാർ ഫയൽ നമ്പർ e-813244/REV-F2/110/2016-REV ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ ഫയൽ നമ്പർ എൽ.ആർ.എം2-5011/16. ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

ഭരണഭാഷ - മാതൃഭാഷ

എൽ.ആർ.എഫ്2-5011/2016

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ് ബിൽഡിംഗ്
മ്യൂസിയം ജംഗ്ഷൻ
തിരുവനന്തപുരം
തീയതി. 13/10/2016.

പ്രേഷകൻ
കമ്മീഷണർ
ലാൻഡ് റവന്യൂ.

സ്വീകർത്താവ്
പ്രിൻസിപ്പൽ സെക്രട്ടറി
റവന്യൂ (എഫ്) വകുപ്പ്
ഗവ.സെക്രട്ടറിയേറ്റ്
തിരുവനന്തപുരം.

സർ,

വിഷയം:- ചിറയിൻകീഴ് താലൂക്ക് നഗരൂർ, വെള്ളല്ലൂർ വില്ലേജാഫീസുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതു - സംബന്ധിച്ച്.

സൂചന:- 06.09.2016-ലെ 813244/എഫ്2-110/2016/റവ (ii) നമ്പർ സർക്കാർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നഗരൂർ, വെള്ളല്ലൂർ വില്ലേജാഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു.എം.എൽ.എ. ശ്രീ.ബി.സത്യൻ 03.06.2016-ൽ സമർപ്പിച്ച അപേക്ഷ സൂചന പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ ലഭിച്ചിട്ടുണ്ട്. ആയതിനു ഭരണാനുമതി നൽകുന്നതു സംബന്ധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതിലേയ്ക്കായി എസ്റ്റിമേറ്റ്, പ്ലാൻ, ബഡ്ജറ്റ് ശീർഷകം എന്നിവ ഉൾപ്പെടുത്തി വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കാൻ മേൽ നമ്പർ കത്തു പ്രകാരം പൊതുമരാമത്തു കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്കു നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

ഗീത.എ
അസിസ്റ്റന്റ് കമ്മീഷണർ (സീനിയോരിറ്റി സെൽ)
കമ്മീഷണർക്കുവേണ്ടി.